കഥാഭിനയഗാനമാല.

(രണ്ടാം ഭാഗം)

(മൂന്നാം ക്ലാസ്സിലേക്ക്)

By

പാലാ എസ്സ്. നാരായണൻ നായർ.

പ്രകാശകന്മാർ,

നാഷനൽബുക്കഡിപ്പോ, കോട്ടയം

1117

M. P. House, Kottayam. വില ച. 3½

കഥാഭിനയഗാനമാല

(രണ്ടാം ഭാഗം)

൧. കൗമാരകേളി

(മനോഹരമായ അരമനപ്പൂന്തോട്ടം. കുമാരന്മാരായ
കൃഷ്ണനും, അർജ്ജുനനും, ഭീമനും ദുര്യോധനനും
പ്രവേശിക്കുന്നു)

കൃഷ്ണൻ:- (കപടഭാവത്തിൽ)
വരുവിൻ, വരുവിൻ, സോദരരേ!
തരമോടൊന്നു പിടിച്ചീടാം.

ദുര്യോധനൻ-(കള്ളൻനിന്നെത്തൊട്ടാൽ ഞാൻ
കൊള്ളരുതാത്തവനായിടും

ഭീമൻ:- പാപംനിന്നൊടു പടവെട്ടാൻ
ഭാവിക്കുന്നതു ചിതമല്ല

അർജ്ജുനൻ:- കൃഷ്ണാനിന്നെപ്പിടികൂടാൻ
തൃഷ്ണാധിക്യമെനിക്കുണ്ടേ.

കൃഷ്ണൻ:- (ചിരിച്ചുകൊണ്ട്)
ദുര്യോധനനൊടു സമമാകാൻ
ദുര്യോഗം മമ വന്നില്ല
(അടുത്തു ചെന്ന്)
ചൊടിയൻ നിന്നൊടു കിടനില്ക്കാൻ
തടിയൻ ഭീമനസാധിക്കും!

ദുര്യോധനൻ:- ഞാനുംഭീമനുമന്യോന്യം!
നീയും വിജയനുമന്യോന്യം!

ഭീമൻ:- ആരെന്നാലും വേണ്ടില്ലാ
പോരിന്നൊന്നൊട്ടുസമമല്ലാ
(എല്ലാവരും അടുത്തുള്ള തടാകത്തിലെത്തുന്നു.
ഭീമനും ദുര്യോധനനും തമ്മിൽ ഉരുട്ടിപ്പിടിക്കുന്നു)
കൃഷ്ണൻ:- (അകലെ നിന്നു അർജ്ജുനന്റെ ചെവിയിൽ)
അടവുകളൊക്കെത്തീരുമ്പോ-
ളവരുടെ പിൻപിൽ ചെല്ലേണം
(നോക്കിനിന്നിട്ട്)
വയ്കരുതിനിയാഡംഭരെനാം
പൊയ്കയിലുന്തിമറിക്കേണം
അർജ്ജുനൻ:- പൊങ്കന്മാരവർ വെള്ളത്തിൽ
മുങ്ങിത്താണുകുഴങ്ങേണം!
(കൃഷ്ണാർജ്ജുനന്മാർ അടുത്തു ചെന്നു്
ഭീമദുര്യോധനന്മാരെ തടാകത്തിൽ തള്ളിമറിക്കുന്നു.
അവർ നിലയില്ലാത്ത വെള്ളത്തിൽ മുങ്ങിത്താഴുന്നു.
കൃഷ്ണാർജ്ജുനന്മാർ ഓടിമറയുന്നു)

---

൨. രണ്ടു ചിത്രങ്ങൾ

(ഒരു മണിമാളിക. പടിപ്പുരയിൽ ഒരു പിച്ചക്കാരൻ
പ്രവേശിക്കുന്നു. പ്രഭു പൂമുഖത്തു
കസേരയിൽ ഇരിക്കുന്നു)

പിച്ച:- വല്ലതും ധർമ്മം തരണേ,യിപ്പാവത്തി-
ന്നല്ലലാൽ വേകമാറായീ
പ്രഭു:- വേറൊരുവീടും നീ കണ്ടില്ലേ യാചിക്കാൻ!
വേലയെടുക്കടൊപോയീ
പിച്ച: പട്ടിണികൊണ്ടു തളർന്നുപോയങ്ങന്നേ!
പെട്ടിതു രോഗവും മന്നേ!

പ്രഭു:- നാട്ടിന്നുപദ്രവം ചെയ്യുവാൻ, പട്ടിണി-
ക്കൂട്ടങ്ങളുണ്ടിതുപോലെ

പിച്ച:- ഞങ്ങടെ പട്ടിണിയ്ക്കുത്തരവാദിക-
ളങ്ങയെപ്പോലുള്ളോരാണേ.

പ്രഭു:- എന്തെടാ, നീ പറയുന്നതു; പട്ടിണി-
ക്കന്തമേ! പോകെടാ ദൂരെ!

പിച്ച:- അങ്ങയെവത്തകനാക്കിയ, നീതിക-
ളെങ്ങളെപ്പട്ടിണിയാക്കി.
തങ്ങളിലില്ലൊരുഭേദവു, മല്ലാല്ലം-
നീങ്ങുകിൽ രാ, പകലാകും!

പ്രഭു:- നീതിയും ധമ്മവുമോതുവാൻ വന്നനിൻ
"നീതി"യെ ഞാൻ പൊടിയാക്കും!

(പ്രഭു കൈ ചുരുട്ടി പിച്ചക്കാരനോടടുക്കുന്നു. പിച്ചക്കാരൻ പ്രഭുവിനെ തള്ളിയിട്ടിട്ട് ഓടിച്ചെന്നു കസേരയിൽ കയറി ഇരിക്കുന്നു. ഭൃത്യന്മാർവന്നു വണങ്ങുന്നു)

ഭൃത്യന്മാർ:- ഭാഗ്യമാണിതു ഭാഗ്യമാണിതു
യോഗ്യനാം പ്രഭു വന്നുപോയ്!
നീക്കമെന്നിയെ നാടുകനാടു നമ്മൾ
നോക്കണം പരിപാടികൾ!

പിച്ചപ്രഭു-(വീണുകിടക്കുന്ന പ്രഭുവിനെ നോക്കിക്കൊണ്ട്)
പാതയിലെറിഞ്ഞീടുവിൻ, കൊടും-
പാതകം ചെയ്ത മൂഢനെ

(ഭൃത്യന്മാർ പ്രഭുവിനെ ചുമന്നുകൊണ്ടുപോയി, വീണ്ടും പ്രവേശിക്കുന്നു)

പിച്ചപ്രഭു:-സോദരന്മാരേ! നിങ്ങളീധനം
വീതമിട്ടെടുത്തീടുവിൻ!!

(എല്ലാവരും സ്വത്തുക്കൾ ഭാഗിച്ചെടുക്കുന്നു)

---

൨. മൃഗരജാവ്.

ആന- സോദരന്മാരെ! കേൾക്കുവിൻ സിംഹത്താൻ
കാലന്തൂർപുക്ക നമ്മളനാഥരായ്
നായകനായി വീരനൊരുവനെ
കാലം വൈകാതെ നാം നിയമിക്കണം
സർവ്വജന്തുകുലത്തിലും ശക്തനാ-
മെന്നെ നിങ്ങളരചനാക്കീടുവിൻ

കുതിര- ആനശക്തനെന്നുള്ളതു വാസ്തവം,
ഊനമുണ്ടവനെന്നോടടുക്കുമ്പോൾ
വേഗമോടിടാം ദൂരം ഗമിച്ചിടാം
ഭാരംപേറിടാം സുന്ദരനാണുഞാൻ.

കുറുക്കൻ-നിങ്ങൾരണ്ടാളും ചൊന്നതു സത്യംതാൻ
എന്നാലൊന്നുഞാൻ ചോദിച്ചുകൊള്ളട്ടെ.
മന്നിലെന്നോളമാർക്കുണ്ടു കൗശലം?
എന്നെ രാജാവാക്കീടുവിൻ മാന്യരേ.

കഴുകൻ-നിങ്ങളെല്ലാമൊരേടത്തു വാഴുവോർ
എങ്ങനെവനമാകെ ഭരിച്ചിടും?
വിണ്ണിനുഞാനധിപതിയെന്നതും
കണ്ണിനു കാഴ്ച കൂടുമെനിക്കെന്നും
എണ്ണി നിങ്ങളരചനാക്കീടുമാം
നിർണ്ണയമതിനേററവുമർഹൻ ഞാൻ

കുരങ്ങ്- അന്ത്യംചൊന്നവർ മൂവരും ഭൂമിയിൽ
രാജ്യഭാരം നടത്താൻ സമർത്ഥരാം
പക്ഷിനായകനാകാശദേശവും
ശിക്ഷയായ് ഭരിച്ചിടും നിശ്ചയം.
എന്നാലീയിവനെന്നിയേ രണ്ടിനും
ഒന്നുപോലെ വിരുതനാരുണ്ടെടോ?

നിത്യവും മരംചാടിച്ചരിച്ചുഞാൻ
പത്രിസഞ്ചയമൊക്കെ ഭരിച്ചിട്ടും
മന്നിലെക്കഥചൊല്ലുകവേണ്ടല്ലോ
എന്നെവേണമരചനാക്കീടുവാൻ

മററുള്ളവരെല്ലാവരും-
അങ്ങതന്നെ മൃഗേന്ദ്രനിന്നാംമുതൽ
ധന്യവാനരവീര! ജയിച്ചാലും-അങ്ങ...

(ആന, കുതിര, കഴുകൻ ഇവർ കുരങ്ങിനെ
വന്ദിച്ചിട്ടു പോയി)

കുറുക്കൻ:- വീരനാകിയമാരുതിതൻവംശ
ഹീരമേ! ഭവാൻ ഞങ്ങൾക്കരചനായ്
തീരുകകൊണ്ടു സർവമൃഗകുലം
പാരമൈശ്വര്യം പേറും നിരാകുലം
പാദദാസനാമീയേഴയങ്ങേയ്ക്കു
സാദരമൊരു സൽക്കാരമേകുവാൻ
ഭൂരിമോദാലൊരുക്കിയിട്ടുണ്ടതു
ധീരവിക്രമാ! കൈക്കൊൾക വേണമേ.

കുരങ്ങ്:- ഭക്തനാംനിൻെറയാതിഥ്യമിങ്ങനാം
തൃപ്തിയോടേഗ്രഹിക്കാം കുറുനരീ!
എങ്ങനിന്നുടെ സൽക്കാരസംഭാര-
മെന്നെനേർവഴി കാട്ടുക, പോയിടാം

(കുറുക്കനും പുറകെ കുരങ്ങും നടക്കുന്നു)

കുറുക്കൻ:- തൃക്കൺപാർത്താലും ഭൂരികരിമ്പി,തു
തൃപ്പാദത്തിങ്കലർപ്പിച്ചുകൊള്ളുന്നേൻ
വെക്കമെങ്ങമൃതേത്തു കഴിച്ചാലും
തൃപ്തിയാവോളം; വീരാമൃഗേശ്വരാ!

(കുരങ്ങു തോട്ടത്തിൽ കയറിയപ്പോൾ
വലയിൽ കുടുങ്ങി)

കുരങ്ങ്:- ഉഢളഹേജളാ! നീ കളിക്കുന്നതു
കാളമഗ്നിയോടെന്നു ധരിക്കടോ
ശ്ശൂരനാമീമൃഗാധിപം വഞ്ചിച്ച
ഭീരുപ്പേനരീ! നിന്നെ വധിപ്പൻ ഞാൻ

കുറുക്കൻ:- ഒട്ടംവൈകാതെ കർഷകൻ വന്നിടും,
വിഢ്ഢിയാംനിന്നെയപ്പൊഴേകൊന്നിടും;
ബുദ്ധിശ്ശൂന്യന്നു സിംഹാസനംതന്നെ
സിദ്ധിച്ചാലും ഫലമില്ല ഭല്ലുകാ!

---

൪. ഓണപ്പാട്ട്

(മഹാബലി പ്രച്ഛന്നവേഷത്തിൽ വീട്ടുമുററത്തേയ്ക്കു
വരുന്നു. ഒരു ബാലനും ബാലികയും പൂവിടുന്നു)

മാവേലി:- തങ്കക്കുടങ്ങളേ! പൂജിപ്പതാരെയാ-
ണങ്കണവേദിയിൽ നിങ്ങളിപ്പോൾ?

ബാലകൻ- മാവേലിയമ്മാവനിന്നിവിടെത്തിടും
മാലോകർക്കൊക്കെയുമോണമേകാൻ!

ബാലിക- അത്തംതുടങ്ങിത്തിരുവോണമിന്നായി!
പത്തുനാൾ പൂവിട്ടു പൂർത്തിയായി!

മാവേലി- ആരാണീ"മാവേലി"യെങ്ങനിന്നെത്തുമെ-
ന്നാരോമലുണ്ണികളോതുകില്ലേ?

ബാലകൻ-(പൂ നിരത്തിക്കൊണ്ട്)
പണ്ടുപണ്ടാണത്രേ, യച്ഛനുമമ്മയും
കണ്ടിട്ടില്ലെങ്ങനെ ഞാനറിയും?...

ബാലിക- അമ്മ പറഞ്ഞില്ലേ, മാവേലിയമ്മാവൻ
നമ്മെ ഭരിച്ച കഥകളെല്ലാം!

സത്യവും ധമ്മവും മാത്രമാണന്നെല്ലാം
സവ്വ്യയും സവ്വത്ര സുസ്ഥിതിയും!
മാവേലി- ഞാനിന്നു"മാവേലിയായിട്ടിരുന്നീടാ-
മാനന്ദത്തോടെന്നെപ്പൂജിക്കാമോ?
നീരവും സൂനവും കൊണ്ടെന്നെയർച്ചിയ്ക്കിൽ
നീരസംക്രാന്തിന്നോണമുണ്ണാം!
(രണ്ടുപേരും പൂവിട്ടു പൂജിക്കുന്നു. മാവേലി സ്വന്തവേ
ഷത്തിൽ പ്രത്യക്ഷനായി അവരെ അനുഗ്രഹിക്കുന്നു.
ചുററുപാടും ആഹ്ലാദമയം)

---

૭. മൂന്നു സഹോദരികൾ.

(കൃഷിയുടേയും വ്യവസായത്തിന്റേയും
ദേവതകൾ പ്രവേശിക്കുന്നു.
കൃഷി-പാരിനഭിവൃദ്ധി നൽകിപണ്ടുതൊട്ടിന്നോളം
ഭൂരിമോദമേകും കൃഷിദേവതഞാനല്ലൊ!
വ്യവ-ഉപകരണങ്ങൾ പലതും പുത്തനായുലകിനാകെ
വെന്നൽകി
യുപകരിക്കുവോളഹം വ്യവസായവനിതയെന്നു
നീയോർക്കു!
കൃഷി-പോക പോക, നിൻ മഹത്വബോധമെത്ര
കേമം?
ലോകമെന്നെമാത്രം പുകഴ്ത്തീടുമേ സപ്രേമം!
വ്യവ-കളകനിന്മദംകഠിനേ! നിന്നുടെ കളിവചനങ്ങ-
ൾ പോരും
പുളകംകൊള്ളുന്നിതുലകമെന്നുടെ പുതിയഭം-
ഗികൾ കാൺകെ
കൃഷി-അന്യനാട്ടിലുത്ഭവിച്ചോർക്കിത്രശാഠ്യമായാൽ
പിന്നെ ഞങ്ങൾക്കെന്തുരക്ഷ? ദുന്നേയേ! നീമാറു

വ്യവ-മതിയെടിനിൻെറ പരിഹാസോക്തികൾമതി-
മറന്നു നീ പാരം
കഥകളീവിധം പറയാതെവേഗം കടക്കുമുമ്പി
ൽന്നിന്നിപ്പോൾ
കൃഷി-നീ, തികച്ചും തക്കമിട്ടുനീങ്ങിടാതെനിന്നാൽ
നീതികേടേ! നിന്നെത്തച്ചുഞാൻവെളിയിലാക്കും
വ്യവ-ശരി,ശരി, തവനിനവുപാർക്കുകിലതിന്നുതകിട്ടു
ന്നൊരു-
പരിചയം നിനക്കധികമുണ്ടു നീ, വെളിയിലെ
വേലക്കാരി
കൃഷി-അക്രമം നീയെന്തുരച്ചു; പോക്കളത്തിൽമാത്രം
വിക്രമം കാണിയ്ക്കും നിൻെറ മുഷ്ക്കടൻഞാൻ
തീർക്കും.
വ്യവ-വെറുതെ വല്ലതും പുലമ്പിടാതെനീയടങ്ങു,
പ്രാകൃതരൂപീ!
വറുതിനീമൂലകിന്നുവന്നുപൊറുതികേടായിപാപീ!
കൃഷി:-"പ്രാകൃത" ഞാൻ സമ്മതിച്ചു, രാക്ഷസിയെ
പ്പോലെ
വൈകൃതമേ! നീ നടപ്പൂ പട്ടണങ്ങൾതോറും.
(നടുവിൽ വാണിജ്യദേവത പ്രവേശിക്കുന്നു.)
വാ:- സോദരിമാരേ, നിങ്ങളീവിധം ശണ്ഠകൂടാ-
നേതൊരുകാരണമാണിവിടെയിപ്പോൾ?
പാരിൻെറ സുസ്ഥിതിക്കും നന്മയ്ക്കുമായിനിങ്ങൾ
പാരാതെവന്ന രണ്ടു സഹജരല്ലേ?
നിങ്ങൾതൻ സമൃദ്ധിയും ക്ഷേമവുമാസ്പദിച്ചു
മംഗളം നേടിടേണ്ടോരെളിയവൾ ഞാൻ
തങ്ങളിൽ പിണങ്ങാതെനിങ്ങളിന്നിണങ്ങവാ-
നിങ്ങിനിപ്പരസ്പരം കരംഗ്രഹിക്കിൻ!

(രണ്ടുപേരുടേയും കരം ചേർത്തു പിടിക്കുന്നു.
മൂന്നുപേരുംകൂടി പാടുന്നു)

മൂന്നുപേരും—പാടിടാം നമുക്കൊന്നി,ച്ചുന്നതിവന്നി
ടട്ടെ നാട്ടിനും നരന്മാർക്കും നരപതിക്കും!

---

൯. നന്ദികെട്ട കടുവാ

(കമലാകാന്തന്റെ)

കടുവാ:- അയിമഹാമതേ, കാരുണ്യവാരിധേ!
മയികൃപാലേശമങ്കുരിക്കേണമേ,
ഹതവിധിയാലീ കൂട്ടിലകപ്പെട്ടേ-
നൊരുവഴിയില്ല ജീവനെ രക്ഷിപ്പാൻ
കനിവിനോടു നീ കൂടുതുറന്നെന്നെ
വെളിയിലാക്കണേ പാദം പണിയുന്നേൻ

വഴിക്കാരൻ-കൊടിയക്രൂരതയേന്തുന്നനിന്നെഞാൻ
വടിവൊടേ തുറന്നിങ്ങിറക്കീടുകിൽ
മടിയെഴാതെന്നെനീയുടൻ തിന്നിടും
മറയനല്ലഞാൻ കൂടു തുറന്നിടാ.

കടുവാ:- കൊടിയക്രൂരനെന്നാകിലുംനന്ദികേ-
ടടിയനില്ലെന്നെ രക്ഷിക്കണം ഭവാൻ

വഴി: വെളിയിലോടി നീ വേഗംമറഞ്ഞുകൊൾ
കിതതുറക്കുന്നു വാതിൽ സഹോദരാ!

കടുവാ:- ഇതുവരെയിന്നു തീററികിട്ടാഞ്ഞഞാ
നശനമാക്കുവാൻനിന്നെയരക്ഷണാൽ

വഴി:- ദയവുദിക്കണേ നന്ദിവേണ്ടേ ഭവാ-
നഭയമേകിയോരെന്നെ വധിയ്ക്കൊലാ.

കടുവാ:- മനുജനെന്നുടെഭക്ഷ്യമതുകണ്ടാൽ
മറയനല്ലഞാൻ തിന്നാതെ പോകുവാൻ

വഴി:- ഇതവരുന്ന കുറുനരി, ചൊല്ലട്ടെ-
യിവിടെയെന്താണു കർത്തവ്യമെന്നിവൻ
കടുവാ- അതുന്നമുക്കും ഹിതം. സഖേ ജംബുകാ!
പറകനീയിപ്പോഴെന്തുചെയ്യേണ്ടുഞാൻ?
കുറുക്കൻ-ഇവിടെയുണ്ടായതോതിയാൽപോരഞാ-
നുചിതമാംവിധം തീർപ്പുകല്പിക്കുവാൻ
സകലതുമൊന്നു കാണണം, കൂട്ടിൽനി
തിരിയെയേറണം, പാന്ഥൻ നടക്കണം.
അവനൊടോതണം കൂടുതുറക്കുവാ-
നവനതുപോലെ വീണ്ടും തുറക്കണം
കടുവാ- അതുശരിയിതാക്കൂട്ടിൽഞാൻ കേറുന്നു
കുറുക്കൻ- കതകടയ്ക്കുകപാന്ഥാഗമിക്കെടോ
വഴി: കതകു ബന്ധിച്ചു പൂട്ടിഞാൻപോകുന്നേൻ
അതുലകൗശലവാരിധേ വന്ദനം!
കടുവാ- വെളിയിലാക്കണമെന്നൊ, ഞാൻ നന്ദികേ-
ടൊരുവനോടുമൊരിക്കലും കാട്ടിടാ-
കുറുക്കൻ- അതുശരിതന്നെ, വേടൻ വരുമിപ്പോൾ
അവനൊടാകട്ടെ നിൻെറയീ പ്രാർത്ഥന.

---

൭. ദിവ്യസമ്മേളനം

(ചന്ദ്രനും നക്ഷത്രവും ആകാശത്തിൻെറ പടിഞ്ഞാറെ ചരിവിൽ നില്ക്കുന്നു. സൂര്യൻ കിഴക്കു കതിർ വീശുന്നു)

നക്ഷത്രം—അമ്പിളിയമ്മാവാ! പോകാം നമുക്കിനി-
യംബുജനാഥനുദിച്ചുവല്ലോ!
ചന്ദ്രൻ- പോകാതെ പററിപ്പിടിച്ചു ഞാനിപ്പക-
ലാകാശവേദിയിൽനിന്നുകൊള്ളാം
നക്ഷത്രം—അമ്മാവനില്ലെങ്കിൽ, മൂടിപ്പുതച്ചുഞാ-
നിമ്മാനത്തെങ്ങോ വസിച്ചുകൊള്ളാം

സൂര്യൻ—(ഉച്ചത്തിൽ)
പോകായ്ക, പോകായ്ക, നിങ്ങൾ തൻ
കൂട്ടിനു
വൈകാതെ ഞാനിതാ വന്നിടുന്നു.
അംബരമുററത്തു തുള്ളിക്കളിച്ചിനി
നമ്മൾക്കുരാപകൽ സഞ്ചരിക്കാം.
നക്ഷത്രം-മിന്നിയും മങ്ങിയും രാപകലങ്ങനെ
മിന്നാമിനുങ്ങപോൽ സഞ്ചരിക്കാം.
ചന്ദ്രൻ- വൃദ്ധിക്ഷയങ്ങളെക്കൂട്ടാക്കാതോരോരോ
സിദ്ധിയിലന്യോന്യം പുഞ്ചിരിക്കാം.
സൂര്യൻ- വൃത്തംവരച്ചതിൽ ചുറെറത്തിന്നിങ്ങളും
മദ്ധ്യത്തിൽ ഞാനുമായ് പുഞ്ചിരിക്കാം.
(എല്ലാവരും വട്ടമിട്ടു നിൽക്കുന്നു. പാടുന്നു)
എല്ലാവരും(സർവ്വനിയാമക, ദൈവമേ! ശാശ്വത
നിർവാണദായകാ! കൈതൊഴുന്നു
ആനന്ദമൂർത്തേ! നിൻചൈതന്യധാരയി-
ലാകണ്ടം മുങ്ങിയിരിപ്പൂ ഞങ്ങൾ!
വിശ്വത്തിൻ കാന്തമേ! നിൻപുണ്യസേവയ്ക്കു
വിശ്വസ്തരായിതാ കൈതൊഴുന്നു!!

വ്വ. ഈച്ചയും ചിത്രശലഭവും

(ഒരീച്ച ആഹാരമൊന്നും കിട്ടാതെ പറന്നുനടക്കുമ്പോ
ൾ ഒരു പാത്രത്തിൽ കുറെ തേനിരിക്കുന്നതു കാണുന്നു)
ഈച്ച:- എന്താണിക്കാണ്മതെൻ മുന്നിലായി
ബന്ധുരമാമൊരു പാത്രമല്ലേ?
അല്ലിതിൽക്കാണപ്പെടുന്നതെന്തോ
നല്ലപൂന്തേനല്ലിഭാഗ്യവാൻഞാൻ
അത്ഭുതം! പൂന്തേനീഭാജനത്തിൻ

വക്കവരേയും നിറഞ്ഞു കാൺമൂ
ഒന്നിതു കാണുമ്പോഴേക്കതന്നെ
വന്നുകഴിഞ്ഞല്ലോ നാവിൽ വെള്ളം
ഞാനെൻവയറാകെ വീക്കുവോളം
തേനുണ്ടുകൊണ്ടിങ്ങിരുന്നിടട്ടെ
ഭാഗ്യമെൻ ഭാഗ്യമിപ്പാരിടത്തി-
ലാർക്കുതാനീഭാഗ്യമെത്തിടുന്നു

(എന്നു പാടിക്കൊണ്ടു തേൻ കുടിക്കുന്നു. തേൻ കുടിച്ചു കഴിഞ്ഞു പറക്കാൻ ശ്രമിച്ചപ്പോൾ കാലുകൾ തേനിൽ പററിപ്പിടിച്ചിരിക്കുന്നതായി മനസ്സിലാക്കുന്നു)

ഈച്ച.- അയ്യയ്യോ! കഷ്ടമെൻ തമ്പുരാനെ!
വയ്യേ, എനിക്കു പറന്നുപോകാൻ
എന്തുഞാൻ ചെയ്യേണ്ടു ദേവദേവ
ബന്ധുവായാരുണ്ടു രക്ഷ നൽകാൻ

(ആ വഴി കടന്നുപോയ ഒരു ചിത്രശലഭം ഈച്ചയെ കാണുന്നു)

ചിത്ര:- ഈച്ചേ, നീ കേഴുന്നതെന്തുനിങ്ങൾ
ക്കീച്ചതിപററേണമില്ലവാദം
കണ്ടവയെല്ലാവും തിന്നുവാനായ്
പണ്ടേ കൊതിനിന്നക്കേറുമല്ലോ
ആവശ്യമില്ലാക്കൊതിമൂഴത്താ-
ലാപത്തിലാകും പഠിച്ചുകൊള്ളൂ.

(ചിത്രശലഭം ഇങ്ങനെ പറഞ്ഞ ഉടനെ ആ മുറിയിൽ ഒരു പ്രകാശമുള്ള വിളക്കു വയ്ക്കപ്പെട്ടു. പ്രകാശംകണ്ടു സന്തോഷിച്ചു ചിത്രശലഭം വിളക്കിനു സമീപം ചെന്നു ചിറകുകൾ കരിഞ്ഞു താഴെ വീഴുന്നു)

ഈച്ച- അല്ലല്ലതോഴ, നിനക്കുമെന്തീ
വല്ലായ്മയീവിധം വന്നുചേർന്നു?

നല്ലവസ്തുക്കളിലാശവെച്ചാ-
ലല്ലലാണെന്നു നീ ചൊല്ലിയില്ലേ?
"ദീപ"പ്രകാശത്തെക്കണ്ടുടൻതാൻ
നീ നിന്നെത്തന്നെ മറന്നുതുള്ളി
അഞ്ചിതാകാരാ, നിൻഭംഗിയേറും
പൂഞ്ചിറകെല്ലാവുമെങ്ങുപോയി!
ചിത്ര:- പുഞ്ചിരിക്കേണ്ടെൻെറ സോദരാനീ
യിച്ചൊന്നവാക്യമസഹ്യമേററം
ഒന്നുകഴിഞ്ഞതിൻ ശേഷമല്ലേ
നന്മയും തിന്മയും കണ്ടിട്ടുനാം
അല്ലല്ലനുഭവമൊന്നിനോളം
നല്ലഗുരുനാഥനാരുവേറെ.?

---

9. നാലു മറയന്മാർ.

(ഒരു വലിയ കാട്ടിൽ ഒരു പക്ഷി പ്രവേശിക്കുന്നു)
[ഓമനക്കുട്ടൻ]

പക്ഷി- ഓർത്തുനോക്കുകിൽ പാരിൽഞാനല്ലീ
ഭാഗ്യവാന്മാരിൽ ഭാഗ്യവാൻ
എന്നെപ്പോലെ സ്വതന്ത്രനായൊരു
ധന്യനാരുണ്ടീയൂഴിയിൽ
പാടിയും പറന്നാടിയുമെൻെറ
ജീവിതം നയിക്കുന്നുഞാൻ
വാഴ്ത്തിടുന്നെൻെറ കായ സൗന്ദര്യം
പാത്തുമാനുഷരാകവേ
തിട്ടമായെൻെറ വായിൽനിന്നുപൊൻ-
കട്ടയോരോന്നു വീണിടും
ഈവിശേഷത എന്നിലേകാന്ത
ഭുവിലേപ്പക്ഷിജാതിയിൽ

(പക്ഷിയുടെ ഈ പാട്ട് മറവിൽനിന്ന് കേട്ട ഒരു വേ
ട്ടക്കാരൻ കാടിന്റെ മറെറാരു ഭാഗത്തും
പ്രവേശിക്കുന്നു)

[കുറത്തി]

വേട്ടക്കാരൻ–ഈവിശേഷജീവിയാകും പക്ഷിയെഞാ-
ൻ വേഗം
ഏതുവിധമെങ്കിലുംഹാ! കൈക്കലാക്കീടേണം
ഇന്നിതിനെക്കൊന്നതുകൊണ്ടെന്തുകാര്യ-
മോർത്താൽ
എന്നുമിതിൻവായിൽനിന്നു കിട്ടുമല്ലോ
സ്വർണ്ണം
ജീവഹാനിപററിടാത്തമട്ടിലിപ്പോഠംതന്നെ
ഞാനിതിനെ പാട്ടിലാക്കും വല്ലപാടുംന്നൂനം

(ഒരു വലവിരിച്ച് അതിനുള്ളിൽ കുറച്ചു നെല്ലിട്ടശേ
ഷം വേട്ടക്കാരൻ ഒളിച്ചിരിക്കുന്നു. അല്പസമയത്തിനു
ള്ളിൽ പക്ഷി ആ വലയിൽ അകപ്പെടുന്നു. വേട്ടക്കാ
രൻ ഓടിവന്ന് പക്ഷിയെ എടുക്കുന്നു.)

വേട്ട:- പാട്ടിലായിത്തീർന്നുപക്ഷി ഞാൻനിനച്ച
പോലെ
വീട്ടിലേക്കുകൊണ്ടുപോയിഭദ്രമായ് ഞാൻ
കാക്കും
കിട്ടുമിതിനുവായിൽനിന്നുമെന്നുമോരോ
പൊന്നിൻ
കട്ടഞാനും വേഗമൊരു വൻകുബേരനാകും

(ദിവസവും ഓരാ സ്വർണ്ണക്കഷണം വീതം കിട്ടിവന്ന
വേട്ടക്കാരൻ ഒരു ദിവസം വിചാരിച്ചു)

എന്നുമെന്നുംപൊന്നെനിക്കു കിട്ടുമെന്നവാർത്ത

മന്നവനറിഞ്ഞിടുമ്പോഴെന്തുചെയ്യുമാവോ
വന്നിതിനെകൊണ്ടുപോകും; കൊല്ലുമെന്നെ
നൂനം
നന്നിതിനെ തൃപ്പദത്തിൽ കാഴ്ചവെയ്ക്കുയല്ലേ?

(വേട്ടക്കാരൻ പക്ഷിയെ കൊട്ടാരത്തിൽ കൊണ്ടുചെന്നു അടിയറവച്ചു പറയുന്നു)

മന്നിലുള്ളനല്ലനല്ലസാധനങ്ങളെല്ലാം
മന്നവൻെറതാണിവനറിഞ്ഞിടാമാക്കായ്കും
പൊന്നുനിത്യം നൽകിടുമീപ്പക്ഷിയെ
പ്രസാദാൽ
പൊന്നുതിരുമേനിതന്നെ സ്വീകരിക്കവേണം

രാജാവു്-വേട്ടക്കാരാ, സന്തോഷം.

പൊയ്ക്കൊള്ളൂ നീ—ആരവിടെ!

(ഒരു ഹരിക്കാരൻ പ്രവേശിക്കുന്നു)

കണ്ണിന്നമൃതാം വിഹഗത്തെ
സ്വർണ്ണക്കൂട്ടിലിട്ടു വേഗം

(ഹരിക്കാരൻ പക്ഷിയെവാങ്ങി ആജ്ഞാനുസരണം ചെയ്യുന്നു, രാജാവു വേട്ടക്കാരന് ഒരു നല്ലസംഖ സമ്മാനം കൊടുത്തു യാത്ര അയയ്ക്കുന്നു)

(മന്ത്രി പ്രവേശിക്കുന്നു. അദ്ദേഹം പക്ഷിയെകണ്ടു്, ആരോ രാജാവിനെ കളിപ്പിച്ചു് ഒരു വലിയതുകയ്ക്കു്, ആ പക്ഷിയെ വിററതാണെന്നു ധരിക്കുന്നു)

മന്ത്രി—ഇതുകൊണ്ടെന്തുഗുണംരാജൻ,
ഇതിനെത്തന്നവനൊരുമറയൻ
എന്തിന്നിതിനെ സൂക്ഷിപ്പൂ
ബന്ധം തീർത്തിനി വിട്ടേയ്ക്കാം?

ജേവ്—അങ്ങിനെതന്നെ സചിവേന്ദ്രാ
ഭംഗിയിലതിനെ വിട്ടേയ്ക്കൂ

(കൂട്ടുതുറന്നു പക്ഷിയെ മോചിപ്പിക്കുന്നു. അതു കൊട്ടാരത്തിൻെറ ഒരു ഭാഗത്തു പോയിരുന്ന് ഇങ്ങനെപാടി)

നിങ്ങളെല്ലാവരും നല്ലമാനുഷ-
രില്ലസംശയമല്പവും
പാവമാകുമിപ്പക്ഷിയേപ്പറ-
ന്നാടുവാൻ നിങ്ങൾ വിട്ടിതാ
ഞാൻ മറയനാണെന്തിനല്ലെങ്കി-
ലാവലയിൽക്കുടുങ്ങിഞാൻ
വേട്ടയാടുവോൻ മറെറാരു വിഢ്ഢി
രാട്ടിനെന്നെക്കൊടുത്തവൻ
എന്നെ വിട്ടയച്ചീടുവാൻചൊന്ന
മന്ത്രിയുമൊരുവിഢ്ഢിതാൻ
ഇഷ്ടവാക്കുകൾ കേട്ടടനെന്നെ
വിട്ടയച്ചോരാഭൂപതി
നാൽവരിലും മറയനാണെന്നു
ഞാനരയ്ക്കുന്നു കേൾക്കുവിൻ!
വല്ലവരും പറവതുകേട്ടു
ചെയ്തുപോകരുതൊന്നുമേ
നല്ലപോലെ വിചാരിച്ചേനമ്മൾ
ചെയ്യാവൂ കാര്യമെപ്പോഴും!

Printed at The Syndicate Press, Kottayam.

നാഷനൽ ബുക്കഡിപ്പോ,
കോട്ടയം.

എം. പി. സ്കൂളുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങൾ

നാലാംക്ലാസ്സ്.

തിരു: ചരിത്രകഥകൾ 7 ച., മലേ: ഭൂവിവരണം 7 ച തിരു: ഭൂവിവരണം 7 ച., ആരോഗ്യചന്ദ്രിക 5 ച., സിവിക്സ് 4 ച., കഥാഭിനയഗാനമാല 4 ച., ആദർശകഥകൾ 4 ച., രചനാരഞ്ജിനി (രചനയും വ്യാകരണവും ചേർന്നത്) 4 ച., കണക്കപുസ്തകം 7 ച., സംഭാഷണപാഠങ്ങൾ 5 ച. നാലാംപാഠത്തിന്റെ നോട്ട് 5 ച.,

മൂന്നാംക്ലാസ്സ്

തിരു: ചരിത്രപ്രവേശിക 4 ച., തിരു: ഭൂവിവരണം 4 ച.; ആരോഗ്യരക്ഷ 4 ച., സിവിക്സ് 3½ ച., കഥാഭിനയഗാനമാല 3½ ച., ആദർശകഥകൾ 3½ ച.. രചനാരഞ്ജിനി 5 ച., കണക്കപുസ്തകം 7 ച., സംഭാഷണപാഠങ്ങൾ 4½ ച.,

രണ്ടാംക്ലാസ്സ്.

പ്രാരംഭഭൂവിവരണം 4 ച., പ്രകൃതിപാഠം 3 ച., ആരോഗ്യരക്ഷ 3 ച., കഥാഭിനയഗാനമാല 3 ച., ആദർശകഥകൾ 3 ച., രചനാരഞ്ജിനി 4, സിവിക്സ് 3, കണക്കപുസ്തകം 7, സംഭാഷണപാഠങ്ങൾ 4,

1-ാംക്ലാസ്സ് കണക്കപുസ്തകം (കിൻഡർഗാർട്ടൻരീതിയിൽ) 7, രചനാരഞ്ജിനി 3,

1—4 വരെ ക്ലാസ്സുകളിലേക്ക് ജനറൽനോളജിനുള്ള സാമാന്യവിജ്ഞാനചന്ദ്രിക 5 ചക്രം

1—4—ക്ലാസ്സുകളിലേയ്ക്കുള്ള കിൻഡർഗാർട്ടൻ ബ്രി. ന്യൂ 1